**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3904** **21/06/2018-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിൽ സർക്കാർ ജീവനക്കാരുടെ ജാമ്യ വ്യവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ നൽകുന്നതിനായി സർക്കാർ ജീവനക്കാരുടെ ജാമ്യ വ്യവസ്ഥയിൽ പരിഷ്കരണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ നിന്നും നൽകുന്ന ₹ 50,000/- രൂപയ്ക്ക് മുകളിൽ ₹ 3,00,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ വസ്തു ഈടിന്മേലോ രണ്ടിൽ കുറയാത്ത കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ ജാമ്യമായി സ്വീകരിച്ച് വായ്പ അനുവദിച്ചു നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. ശമ്പള ജാമ്യം സ്വീകരിക്കുമ്പോൾ മതിയായ ശമ്പള ജാമ്യം, സർട്ടിഫിക്കറ്റിന്റെ കൃത്യത എന്നിവ ഉറപ്പുവരുത്തേണ്ടത് സംഘത്തിന്റെ ചുമതലയാണ്. സംഘങ്ങളുടെ നിയമാവലിയിലേയോ, വായ്പാ ഉപനിബന്ധനയിലേയോ ജാമ്യം സംബന്ധിച്ച വ്യവസ്ഥയിൽ ഭേദഗതി ആവശ്യമെങ്കിൽ ക്രമപ്രകാരം അതാതു സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഒരു മാസത്തെ അടിസ്ഥാന ശമ്പളത്തിന് തുല്യമായ വായ്പ പോലും നൽകാത്ത സഹകരണ ബാങ്കുകളുടെ നടപടി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിൽ പൊതു മാനദണ്ഡം ഏർപ്പെടുത്തുവാൻ സാധിക്കുമോ; സാധ്യത പരിശോധിക്കുമോ? | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നമ്പർ 49/2011 പ്രകാരം പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ